(Pages : 4) **N – 4096**

Reg. No. : ..............................

Name : ..................................

# First Semester B.Com. Degree Examination, June 2022

## First Degree Programme under CBCSS

## Language Course II – Additional Language I – Malayalam

## ML 1111.2 : നോവൽ, നാടകം, സഞ്ചാരസാഹിത്യം

## (2018 & 2019 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. നോവൽസാഹിത്യം എന്ന കൃതി എഴുതിയതാര്?

2. സി.വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകളുടെ പേരെഴുതുക.

3. ചന്തുമേനോന്റെ അപൂർണ്ണ നോവൽ ഏത്?

4. എക്സ്പ്രഷനിസ്റ്റ് ശൈലിയിൽ രചിക്കപ്പെട്ട പുളിമാന പരമേശ്വരൻ പിള്ളയുടെ നാടകമേത്?

5. സിനിമയുടെ ബ്ലൂപ്രിന്റ് എന്നറിയപ്പെടുന്നത് എന്താണ്?

6. ഉത്സവസ്ഥലങ്ങളിലെ താല്ക്കാലിക കച്ചവടക്കാരായ ബാലിയിലെ കൊച്ചുസുന്ദരിമാർ ഏത് പേരിലാണ് അറിയപ്പെടുന്നത്?

7. മലയാളഗദ്യത്തിലെഴുതിയ ആദ്യ യാത്രാവിവരണഗ്രന്ഥത്തിന്റെ പേരെഴുതുക.

VTM NSS COLLEGE LIBRARY

8. ഇബ്സനിസ്റ്റ് രചനാസങ്കേതങ്ങളെ ഫലപ്രദമായി ഉപയോഗിച്ച മലയാള നാടകരചയിതാവ് ആരാണ്?

9. ഹിമാലയസാമ്രാജ്യത്തിൽ എന്ന യാത്രാവിവരണം ആരുടേത്?

10. മലയാളനാടകത്തിന്റെ ചരിത്രം വിശദമാക്കുന്ന ജി. ശങ്കരപ്പിള്ളയുടെ കൃതിയേത്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ഞാൻ ഇവരോടെല്ലാം ഒറ്റയ്ക്കു സമരം ചെയ്യുകയാണ്. എന്റെ ജീവൻ എപ്പോഴും അപകടത്തിലാണ് - ആരുടെ വാക്കുകൾ? സൂചിതമെന്ത്?

12. അറിവില്ലായ്മയുടെ ഗർത്തത്തിൽ വീണതുപോലെ നജീബിന് അനുഭവപ്പെട്ടതെപ്പോൾ?

13. ഇത്രേം ഒക്കെ കാര്യങ്ങള് സാധിക്കാമെങ്കി, ഇതും അണ്ണനു സാധിക്കും! - ആരുടെ വാക്കുകൾ? വിവക്ഷിതം വ്യക്തമാക്കുക.

14. മേരുക്കൾ - കുറിപ്പെഴുതുക.

15. പെട്ടെന്ന് ഞാനെന്റെ അവസാന പ്രതീക്ഷയിലേക്ക് ഉണർന്നു - നജീബ് ഇങ്ങനെ പറയാനുള്ള കാരണമെന്ത്?

16. വിചിത്രൻ ദമയന്തിയോടു പറഞ്ഞ കഥയെന്ത്?

17. കെ.ടി. മുഹമ്മദ് - കുറിപ്പെഴുതുക.

18. ബാലിദ്വീപിനെക്കുറിച്ച് അമേരിക്കൻ മാസികയിൽ വന്ന ലേഖനം പൊറ്റെക്കാട്ടിനെ ആവേശം കൊള്ളിച്ചതെന്തുകൊണ്ട്?

19. നജീബിന്റെ മരുഭൂമിയിലെ ലോകം എപ്രകാരമുള്ളതായിരുന്നു?

VTM NSS COLLEGE LIBRARY

20. ബാലിയിലെ സ്ത്രീകളുടെ തലക്കെട്ടിന്റെ രീതിവിശേഷങ്ങളും അർത്ഥസൂചനകളും വ്യക്തമാക്കുക.

21. എന്താടാ നിനക്കൊരു പുച്ഛം വല്ല ഈച്ചയേയും ഉറുമ്പിനെയുമല്ല കൊന്നത് - ആരുടെ വാക്കുകൾ? സൂചിതമെന്ത്?

22. നീ പോലീസിൽ ചേർന്നതും ഇങ്ങോട്ട് ട്രാൻസ്ഫർ വാങ്ങിവന്നതും ഈ ഒരൊറ്റക്കാര്യത്തിനാണെന്നു തോന്നുമല്ലോ? - വിവക്ഷിതം വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. മലയാളസഞ്ചാരസാഹിത്യരംഗത്ത് എസ്.കെ. പൊറ്റക്കാട്ടിന്റെ സ്ഥാനം നിർണ്ണയിക്കുക.

24. രതിഭാവത്തിന്റെ ആവിഷ്കാരം ആടുജീവിതത്തിൽ നോവലിസ്റ്റ് അവതരിപ്പിക്കുന്നത് എപ്രകാരമാണ്?

25. ഉബൂദിലെ പുരിയിലെത്തിയ പൊറ്റക്കാട്ട് ചെക്കോർദ്ദെയ്യൊപ്പം ഉത്സവം കൂടാൻ പോയ അനുഭവം വിവരിക്കുക.

26. മലയാളത്തിലെ രാഷ്ട്രീയനാടകങ്ങളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

27. മരുഭൂമിയിലെ ഏറ്റവും മനോഹരമായ കാഴ്ചയെന്നു നജീബ് പറയുന്നതെന്താണ്? വിശദമാക്കുക.

28. പവിത്രനെ ആക്ടിംഗ് എസ്.ഐ. കുരിക്കൾ അറസ്റ്റു ചെയ്യുന്നതിന് സാഹചര്യമൊരുക്കിയതെങ്ങനെ? വിശദീകരിക്കുക.

29. ലെഗോങ് നൃത്തത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക.

30. ഒരാടിനൊപ്പം തന്റെ പുരുഷത്വവും ഒലിച്ചുപോയിരിക്കുന്നുവെന്ന് നജീബ് പറയാനുള്ള കാരണമെന്ത്?

31. വാസു എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്യുക.

**(6 × 4 = 24 Marks)**



VTM NSS COLLEGE LIBRARY

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. പ്രവാസജീവിതത്തിന്റെ മരുഭൂമിയനുഭവം പങ്കുവയ്ക്കുന്ന മഹത്തായ രചനയാണ് ആടുജീവിതം - സമർത്ഥിക്കുക.

33. സഞ്ചാരാനുഭവത്തെ സർഗ്ഗാത്മകമാക്കിയ എഴുത്തുകാരനായിരുന്നു എസ്.കെ. പൊറ്റെക്കാട്ട് - ബാലിദ്വീപിനെ മുൻനിർത്തി പരിശോധിക്കുക.

34. 'വിവിധ സംഭവങ്ങളുടെ ദൃക്സാക്ഷിയായ നാൽക്കവല സ്വയം ഒരു കഥാപാത്രമായി നാടകത്തിൽ പ്രത്യക്ഷപ്പെടുന്നു' - വിശകലനക്കുറിപ്പ് തയ്യാറാക്കുക.

35. കഥ, നോവൽ, നാടകം തുടങ്ങിയ കൃതികളിൽനിന്നും തിരക്കഥ പുലർത്തുന്ന വ്യത്യാസങ്ങൾ വിശദമാക്കുക.

**(2 × 15 = 30 Marks)**

---

VTM NSS COLLEGE LIBRARY